"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി - ഇടുക്കി വന്യജീവി സങ്കേതം - ശ്രീ.സരുൺ സജി എന്ന ആദിവാസി യുവാവിനെ കള്ളക്കേസിൽ കുടുക്കിയ സംഭവം - സസ്പെൻഷനിലായിരുന്ന അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ശ്രീ.ബി.രാഹുലിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.198/2023/F&WLD തീയതി,തിരുവനന്തപുരം, 18-05-2023

---

പരാമർശം:-

1. 29.10.2022 ലെ വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ വിഇ3-4942/2022 നമ്പർ കത്ത്.
2. 31.10.2022-ലെ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി8-330960 നമ്പർ കത്ത്.
3. 01.11.2022-ലെ സ.ഉ.(സാധാ) നം. 467/2022/വനം നമ്പർ ഉത്തരവ്.
4. 02.03.2023-ലെ ശ്രീ.ബി.രാഹുൽ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിൽ സമർപ്പിച്ച നിവേദനം.
5. 27.03.2023-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ KFDHQ/4824/2022/Admin/B9 നമ്പർ കത്ത്.

**ഉത്തരവ്**

1) ഇടുക്കി വന്യജീവി സങ്കേതത്തിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 1/2022 നമ്പർ കേസ്സിന്റെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട്, ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഉപ്പുതറ വില്ലേജിൽ കണ്ണംപടി മുല്ല ഭാഗത്ത് പുത്തൻ പുരയ്ക്കൽ വീട്ടിൽ ശ്രീ.സരുൺ സജി സമർപ്പിച്ച പരാതിയിന്മേൽ പരാമർശം (1) പ്രകാരം വിജിലൻസ് & ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) പ്രസ്തുത അന്വേഷണത്തിൽ കണ്ടെത്തിയ വീഴ്ചകൾക്ക് ഉത്തരവാദിയായ ഇടുക്കി വെൽഡ് ലൈഫ് വാർഡൻ ശ്രീ.ബി.രാഹുലിനെ പരാമർശം (3) പ്രകാരം സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ച് വരികയാണ്.

3) സസ്പെൻഷൻ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (4) പ്രകാരം ശ്രീ.ബി.രാഹുൽ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 01.11.2022 മുതൽ ടിയാൻ സസ്പെൻഷനിൽ തുടരുകയാണെന്നും ടിയാന് നൽകിയ കുറ്റപത്രത്തിന് മറുപടി സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ അപേക്ഷ

പരിഗണിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ അഭിപ്രായം പരിഗണിച്ചും, ശ്രീ ബി. രാഹുലിന്റെ സസ്പെൻഷൻ കാലാവധി 6 മാസം പിന്നിട്ടത് കണക്കിലെടുത്തും കുറ്റപത്രം നൽകി അച്ചടക്ക നടപടി തുടർന്നുവരുന്നതിനാലും സസ്പെൻഷനിൽ തുടരുന്ന ശ്രീ.ബി.രാഹുൽ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു. ടിയാന്റെ നിയമനം സംബന്ധിച്ച പ്രൊപ്പോസൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സർക്കാരിന് അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
ശ്രീ.ബി.രാഹുൽ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വനം വന്യജീവി(എഫ്) വകുപ്പ്
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ